# ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016

ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

ചുരുക്കപ്പേരും പ്രാരംഭവും

1. (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശത്തിന് ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

പുതിയ അനുച്ഛേദം 246 ക ചേർക്കൽ

2. ഭരണഘടനയുടെ 246-ാം അനുച്ഛേദത്തിനുശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

ചരക്ക്-സേവന നികുതി സംബന്ധിച്ച പ്രത്യേക വ്യവസ്ഥ

"246 ക.(1) 246-ഉം 254-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെയടങ്ങിയിരുന്നാലും, പാർലമെന്റിനും, (2)-ാം ഖണ്ഡത്തിന് വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിനും, യൂണിയനോ അങ്ങനെയുള്ള സംസ്ഥാനമോ ചുമത്തുന്ന ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അന്തർസംസ്ഥാന വ്യാപരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ സാധനങ്ങളുടെയോ സേവനങ്ങളുടേയോ

അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം നടക്കുന്നിടത്ത് ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അനന്യാധികാരം പാർലമെന്റിന് ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം.- ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക്, 279ക അനുച്ഛേദത്തിന്റെ (5)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ചരക്ക്-സേവന നികുതിയെ സംബന്ധിച്ച്, ചരക്ക്-സേവന നികുതി കൗൺസിൽ ശിപാർശ ചെയ്ത തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.".

3. ഭരണഘടനയുടെ 248-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, "പാർലമെന്റിന്" എന്ന വാക്കിനുപകരം "246ക അനുച്ഛേദത്തിന് വിധേയമായി, പാർലമെന്റിന്" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 248-ാം അനുച്ഛേദത്തിന്റെ ഭേദഗതി

4. ഭരണഘടനയുടെ 249-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, "പ്രമേയം വഴി" എന്ന വാക്കുകൾക്കുശേഷം "246 ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 249-ാം അനുച്ഛേദത്തിന്റെ ഭേദഗതി

5. ഭരണഘടനയുടെ 250-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, "പാർലമെന്റിന്" എന്ന വാക്കിനുശേഷം "246 ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതി അല്ലെങ്കിൽ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്. 250-ാം അനുച്ഛേദത്തിന്റെ ഭേദഗതി

6. ഭരണഘടനയുടെ 268-ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ, "ഔഷധീയവും ചമയസംബന്ധവുമായ തയ്യാറിപ്പുകളിന്മേലുള്ള അങ്ങനെയുള്ള എക്സൈസ് തീരുവകളും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്. 268-ാം അനുച്ഛേദത്തിന്റെ ഭേദഗതി

7. ഭരണഘടന (എൺപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2003-ന്റെ 2-ാം വകുപ്പ് പ്രകാരം ചേർത്ത ഭരണഘടനയിലെ 268ക അനുച്ഛേദം 268 ക അനുച്ഛേദം വിട്ടുകളയൽ